**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5017** **01-11-2021 - ൽ മറുപടിയ്ക്ക്**

**KSEB സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്ഥലം കൈമാറ്റുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിലെ മീതൂർ എന്ന സ്ഥലത്ത് കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം കൈമാറുന്നത് സംബന്ധിച്ച് തിരുവനന്തപുരം കളക്ടറേറ്റിലെ ബി.8/283674/2020 പ്രകാരമുള്ള ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കല്ലറ കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ നിർമ്മാണത്തിനായി ആവശ്യപ്പെട്ടിരുന്ന ഭൂമി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ പേരിൽ തണ്ടപ്പേരിൽ ഉൾപ്പെട്ടതാകയാൽ ഭൂമി പുറമ്പോക്കിലേക്ക് മാറ്റിയതിനുശേഷം മാത്രമേ പതിവ്/പാട്ടം നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. ഭൂമി റിലിംഗ്വിഷ് ചെയ്യുന്നതിനു അപേക്ഷ സമർപ്പിക്കുന്നതിനു മൃഗസംരക്ഷണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ പേരിൽ ആയതിനാൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ പേരിൽ നിന്ന് പുറമ്പോക്കിലേക്ക് മാറ്റേണ്ടതായിട്ടുണ്ട്. ഇതിനായി പ്രസ്തുത ഭൂമി റിലിംഗ്വിഷ് ചെയ്യുന്നതിനുള്ള അപേക്ഷ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി കത്തിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു. |
| (ബി) | പ്രസ്തുത സ്ഥലം പുനർനിക്ഷിപ്തപ്പെടുത്തുന്നതിനായി മൃഗസംരക്ഷണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കത്തിന്റെ പകർപ്പ് നൽകാമോ? | (ബി) | കല്ലറ കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ നിർമ്മാണത്തിനായി ആവശ്യപ്പെട്ടിരുന്ന ഭൂമി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ പേരിൽ തണ്ടപ്പേരിൽ ഉൾപ്പെട്ടതാകയാൽ ഭൂമി പുറമ്പോക്കിലേക്ക് മാറ്റിയതിനുശേഷം മാത്രമേ പതിവ്/പാട്ടം നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. ഭൂമി റിലിംഗ്വിഷ് ചെയ്യുന്നതിനു അപേക്ഷ സമർപ്പിക്കുന്നതിനു മൃഗസംരക്ഷണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ പേരിൽ ആയതിനാൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ പേരിൽ നിന്ന് പുറമ്പോക്കിലേക്ക് മാറ്റേണ്ടതായിട്ടുണ്ട്. ഇതിനായി പ്രസ്തുത ഭൂമി റിലിംഗ്വിഷ് ചെയ്യുന്നതിനുള്ള അപേക്ഷ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ജില്ലാ കളക്ടർ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി കത്തിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ

ബി8-283674/2020

കളക്ടേറ്റ്, സിവിൽ സ്റ്റേഷൻ
കുടപ്പനക്കുന്ന്, തിരുവനന്തപുരം
ഫോൺ നം. 0471-2731210
ഫാക്സ് നം. 0471-2731166
ഇ-മെയിൽ - dctvm.ker@nic.in
തീയതി : 17.09.2021

ജില്ലാ കളക്ടർ
തിരുവനന്തപുരം

ഡയറക്ടർ
മൃഗസംരക്ഷണ വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം: സബ് സ്റ്റേഷൻ നിർമ്മാണത്തിന് മൃഗസംരക്ഷണ വകുപ്പിന്റെ ഭൂമി KSEB യ്ക്ക് അനുവദിയ്ക്കുന്നത് - സംബന്ധിച്ച്

സൂചന :1. ആ കാര്യാലയത്തിലെ 06/02/2021 ലെ AHD/6858/2018/M3 നമ്പർ കത്ത്.

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 30/08/21 ലെ എൽ.ആർ(ജെ6)/1346/21 നമ്പർ കത്ത്.

********

സൂചന (1) ലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കല്ലറ സബ് സ്റ്റേഷൻ നിർമ്മാണത്തിനായി വാമനപുരം വില്ലേജിൽ സർവ്വെ നമ്പർ 2318/1 ൽപ്പെട്ട 33 സെന്റ് വസ്തു (അനിമൽ ഹസ്ബന്ററി ഡയറക്ടറുടെ പേരിൽ 31756-ാം നമ്പർ തണ്ടപ്പേരിൽ ഉൾപ്പെട്ട വസ്തു) കെ.എസ്.ഇ.ബി.യ്ക്ക് അനുവദിയ്ക്കുന്നതിനായി ഈ കാര്യാലയത്തിൽ നിന്നും ലാൻഡ് റവന്യൂ കമ്മീഷണർക്ക് ശുപാർശ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ഭൂമി പട്ടയ ഭൂമി ആയതിനാൽ പാട്ടത്തിന് അനുവദിയ്ക്കാൻ കഴിയില്ല. ഭൂമി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ പേരിൽ നിന്നും പുറമ്പോക്കിലേയ്ക്ക് മാറ്റുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഭൂമി പുറമ്പോക്കിലേയ്ക്ക് മാറ്റുന്നതിനായി അപേക്ഷ (റിലിംക്വിഷ് മെന്റ്) റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ സമർപ്പിയ്ക്കേണ്ടതാണ് എന്ന വിവരം അറിയിയ്ക്കുന്നു.

വിശ്വസ്തതയോടെ

ഡെപ്യൂട്ടി കളക്ടർ (എൽ.ആർ)
ജില്ലാ കളക്ടർക്കുവേണ്ടി

(ഇ-മെയിൽ - (എൽ.ആർ വിഭാഗം) : deputycollectorlr.revenue@gmail.com)